## കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ബഹു.കേരള ഹൈക്കോടതിയുടെ WP(C)35500/2023 ലേയും അനുബന്ധ കേസുകളിൻമ്മേലുമുള്ള വിധിന്യായം - കോവിഡ് 19 കാലയളവുകളിൽ അതിജീവന കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻവ്യാപാരികൾക്കു നൽകാനുള്ള കിറ്റ് കമ്മീഷൻ തുകയിൽ 50% ആദ്യ ഗഡുവായി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

### ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പ്

സ.ഉ. (കൈ) നം.14/2024/ഭ.പൊ.വി.വ തീയതി,തിരുവനന്തപുരം, 07-09-2024

പരാമർശം: 1. സ.ഉ.(എം എസ്) നം 13/2023/ഭ.പൊ.വി.വ,തീയ്യതി 5/9/2023

2. WP(C)നം.35500/2023, 35700/2023, 42854/2023 മുതലായകേസുകളിലെ ബഹു ഹൈക്കോടതിയുടെ 18/1/2024 ലെയും അനുബന്ധ കേസുകളിലേയും വിധിന്യായം.

3. പൊതുവിതരണ വകുപ്പ് കമ്മീഷണറുടെ 20/6/2024,26/7/2024 എന്നീ തീയതികളിലെ സി സി എസ്/5065/2022-എ 9 നമ്പർ കത്തുകൾ

4. ബഹു ഹൈക്കോടതിയുടെ IA No 1/2024 in WP(C) നം.35500/2023(J) കേസിൻമ്മേലുള്ള 31/7/2024 ലെ ഉത്തരവ്.

5. റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി സർക്കാർ നടത്തിയ 4/7/2024 ലെ യോഗത്തിന്റെ നടപടി കുറിപ്പ്.

6. സ.ഉ.(സാധാ) നം. 6586/2024/ധന, തീയ്യതി 30/8/2024.

### ഉത്തരവ്

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് 2020 മുതൽ 2021 വരെയുള്ള കാലയളവിൽ റേഷൻ കടകൾ വഴി അതിജീവന കിറ്റുകൾ സർക്കാർ സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇപ്രകാരം കിറ്റ് വിതരണം നടത്തിയതിന് റേഷൻ വ്യാപാരികൾക്ക് 3 തവണകളായി കിറ്റ് കമ്മീഷൻ നൽകിയിരുന്നു. 2020 ഏപ്രിൽ, മേയ് മാസങ്ങളിലെ കിറ്റ് വിതരണത്തിന് ഒരു കിറ്റിനു 7/- രൂപ നിരക്കിലും, 2020 ആഗസ്റ്റ്, സെപ്റ്റംബർ, 2021 മേയ് എന്നീ മാസങ്ങളിൽ ഒരു കിറ്റിനു 5/- രൂപ നിരക്കിലുമാണ് കമ്മീഷൻ വിതരണം നടത്തിയത്.

2) ബാക്കിയുള്ള മാസത്തേക്കും കൂടി കിറ്റ് കമ്മീഷൻ നൽകണമെന്ന് റേഷൻ വ്യാപാരികൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോവിഡ് 19 കാരണം വളരെ പ്രതിസന്ധി

നേരിട്ടിരുന്ന പൊതുജനങ്ങൾക്ക് ഒരു ആശ്വാസമായാണ് സർക്കാർ സൗജന്യ അതിജീവന കിറ്റുകൾ വിതരണം നടത്തിയതെന്നതിനാൽ ആയതിലേക്കായി പ്രത്യേകമായ തുക കമ്മീഷൻ നൽകേണ്ടതില്ലയെന്ന നിലപാട് സർക്കാർ സ്വീകരിക്കുകയുണ്ടായി. ഇതിനെതിരെ ഏതാനും റേഷൻ വ്യാപാരികൾ ഹൈക്കോടതിയെ സമീപിക്കുകയും, ഹർജിക്കാർക്ക് കമ്മിഷൻ കടിശ്ശിക തുക അനുവദിക്കുവാൻ ബഹു: ഹൈക്കോടതിയും, ബഹു.സുപ്രീം കോടതിയും ഉത്തരവായിരുന്നത് പ്രകാരം കേസ് ഫയൽ ചെയ്ത റേഷൻ വ്യാപാരികൾക്ക് മാത്രമായി കമ്മീഷൻ തുക അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിന്റെ വെളിച്ചത്തിൽ, മറ്റുള്ള റേഷൻ വ്യാപാരികളും കമ്മീഷൻ തുക ലഭിക്കുന്നതിന് ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ WP(C)നം.35500/2023, 35700/2023, 42854/2023 നമ്പർ കേസുകളിൻമ്മേലും അനുബന്ധ കേസുകളിൻമ്മേലും പരാമർശം (2) പ്രകാരം ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം ചുവടെ ചേർക്കുന്നു.

" The competent authority of the Government to disburse the arrears of commission, if any, as entitled to the petitioners for the distribution of 'COVID-19 Free Food Kits' and 'Onam Kit's, at the rates specified in Ext P1 and P2 Government orders (produced along with WP(C)No 35700/2023), within a period of four months from the date of receipt of a copy of this judgement."

3) ബഹു. ഹൈക്കോടതിയുടെ വിധിന്യായം യഥാസമയം നടപ്പിൽ വരുത്താൻ സാധിക്കാത്തതിനാൽ ഉത്തരവ് നടപ്പിലാക്കുന്നതിന് 6 മാസത്തെ സാവകാശം ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ Extension Petition ഫയൽ ചെയ്യുകയും, ബഹു ഹൈക്കോടതിയുടെ പരാമർശം (4) ലെ ഉത്തരവ് പ്രകാരം WP(C)നം.35500/2023, 35700/2023, 42854/2023 നമ്പർ കേസുകളിലേയും അനുബന്ധ കേസുകളിലേയും വിധിന്യായം നടപ്പിലാക്കുന്നതിന് 9/9/2024 വരെ സമയം ദീർഘിപ്പിച്ച് നൽകുകയും ചെയ്യുകയുണ്ടായി. ആയത് പ്രകാരം ബഹു ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള 40 കേസുകളിലെ കക്ഷികളായ റേഷൻ വ്യാപാരികൾക്കാണ് കിറ്റ് കമ്മീഷന്റെ തുക അനുവദിക്കേണ്ടതായിട്ടുള്ളത്.

4) കോവിഡ് 19 കാലയളവിൽ റേഷൻ കടകൾ വഴി വിതരണം ചെയ്ത സൗജന്യ ഭക്ഷ്യ കിറ്റുകളുടെ കമ്മീഷൻ തുക നൽകുന്നതിനായി ബഹു. ഹൈക്കോടതി ആകെ 40 കേസുകളിൽ വിധി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഹർജിക്കാർ ആകെ 6,81,67,792 കിറ്റുകൾ വിതരണം ചെയ്യുകയും, അതുവഴി 34,08,38,948/- രൂപ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ നല്കേണ്ടതായിട്ടുണ്ടെന്നും പൊതുവിതരണ വകുപ്പ് കമ്മീഷണർ പരാമർശം (3) ലെ കത്തുകൾ പ്രകാരം അറിയിച്ചിട്ടുണ്ട്.

5) ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസിൽ കക്ഷികളായിട്ടുള്ള ഹർജിക്കാർക്ക് കിറ്റ് കമ്മീഷൻ നൽകുന്നതിന് സർക്കാർ

തത്ത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും, കോവിഡ് 19 നെ തുടർന്നും അതിനുശേഷമുണ്ടായിട്ടുള്ള പ്രകൃതി ദുരന്തങ്ങളെ തുടർന്നും സംജാതമായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ കിറ്റ് കമ്മീഷൻ ഇനത്തിൽ നൽകാനുള്ള തുക ഒറ്റഘട്ടമായി നൽകുന്നത് ഇപ്പോഴത്തെ ധനസ്ഥിതിയിൽ പ്രയാസകരമായതിനാൽ പ്രസ്തുത തുക ഘട്ടം ഘട്ടമായി നൽകുന്നത് സംബന്ധിച്ചവിഷയം ചർച്ചചെയ്യുന്നതിനായി സംസ്ഥാനത്തെ റേഷൻ വ്യാപാരി സംഘടനകളുടെ പ്രതിനിധികളുമായി ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെയും, ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, പ്രസ്തുത തുക രണ്ട് ഘട്ടമായി നൽകുവാൻ പരാമർശം (5) പ്രകാരം തീരുമാനിക്കുകയുമുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതിയെ സമീപിച്ച് അനുകൂല വിധി സമ്പാദിച്ചവരായ റേഷൻ വ്യാപാരികൾക്ക് കിറ്റ് കമ്മീഷൻ തുകയുടെ ഒന്നാം ഘട്ടം വിതരണം ചെയ്യുന്നതിലേക്കായി പരാമർശം (6) ലെ ഉത്തരവ് പ്രകാരം 17,22,43,000/- രൂപ 2408-01-101-94-02-33-00-N-C ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു.

6) മേൽ സാഹചര്യത്തിൽ, പരാമർശം (2) ലെ ബഹു ഹൈക്കോടതിയുടെ WP(C) നം.35500/2023, 35700/2023, 42854/2023 നമ്പർ കേസുകളിലേയും അനുബന്ധ കേസുകളിൻമേലും ഉള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും, പരാമർശം (5) ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലും കേസിൽ കക്ഷിചേർന്നിട്ടുള്ള റേഷൻ വ്യാപാരികൾക്ക് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് 2020 മുതൽ 2021 വരെയുള്ള കാലയളവിൽ റേഷൻ കടകൾ വഴി അതിജീവന കിറ്റുകൾ സർക്കാർ സൗജന്യമായി വിതരണം ചെയ്ത വകയിൽ നൽകുവാനുള്ള കമ്മീഷൻ തുകയുടെ ആദ്യ ഗഡുവായി (50%) പരാമർശം (6) പ്രകാരം അനുവദിച്ചിട്ടുള്ള 17,22,43,000/- രൂപ (പതിനേഴ് കോടി, ഇരുപത്തിരണ്ട് ലക്ഷത്തി, നാൽപ്പത്തിമൂവായിരം രൂപ) വിതരണം ചെയ്യുന്നതിന് പൊതുവിതരണ വകുപ്പ് കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

7) WP(C) നം.35500/2023, 35700/2023, 42854/2023 നമ്പർ കേസുകളിലേയും അനുബന്ധ കേസുകളിലേയും (മൊത്തം 40 കേസുകൾ) അപേക്ഷകരായ എല്ലാ റേഷൻ വ്യാപാരികൾക്കും മേൽ പരാമർശിച്ചിരിക്കുന്ന ആദ്യ ഗഡുവായ 50% കമ്മീഷൻ തുക (ഒരു കിറ്റിന് 5/- രൂപാ നിരക്കിൽ) സമയബന്ധിതമായി വിതരണം ചെയ്യേണ്ടതും, കമ്മീഷൻ തുക വിതരണം ചെയ്തശേഷം റിപ്പോർട്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കുന്നതിലേക്കായി അടിയന്തിരമായി സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

8) ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസിലെ ഹർജിക്കാർക്ക് കിറ്റ് കമ്മീഷൻ വകയിൽ നൽകുവാൻ അവശേഷിക്കുന്ന 50% തുക അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

9) ബഹു ഹൈക്കോടതിയുടെ പരാമർശം (2) ലെ വിധിന്യായം മേൽ പരാമർശിച്ച പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Ajit Kumar I A S
SECRETARY

1) പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ( 30.08.2024 തീയതിയിലെ സ.ഉ (ആർ റ്റി)6286/2024/ധന നമ്പർ ഉത്തരവിന്റെ പകർപ്പ് സഹിതം)
2) അഡ്വക്കേറ്റ് ജനറൽ, കേരളം (ആമുഖ കത്ത് സഹിതം)
3) രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) & (ആഡിറ്റ്), തിരുവനന്തപുരം
5) ധനകാര്യ വകുപ്പ് (31/8/2024 ലെ E:2604178-Agri-C2/161/2023-FIN പ്രകാരം)
6) എല്ലാ ജില്ലാ സപ്ലൈ ഓഫീസർമ്മാർക്കും
7)എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമ്മാർക്കും(കമ്മീഷണർ മുഖാന്തിരം)
8) ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിനായി)

പകർപ്പ് - ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ